പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1043

10.08.2017-ൽ മറുപടിക്ക്

# മാവേലിക്കര - പുതിയകാവ് കെ.എസ്.ടി.പി. റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ് | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ പുതിയകാവ് ജംഗ്ഷന് വടക്കുഭാഗത്ത് കെ.എസ്.ടി.പി. റോഡ് തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പുനരുദ്ധാരണം കെ.എസ്.ടി.പി.യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും നാളിതുവരെ യാതൊന്നും ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിലെ പുതിയകാവ് ജംഗ്ഷന് വടക്കുഭാഗത്ത് കെ.എസ്.റ്റി.പി-യുടെ ചുമതലയിലുള്ള തിരുവല്ല-മാവേലിക്കര റോഡ് തകർന്ന് കിടക്കുന്നത് കേരള വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈൻ ചോർച്ച കാരണമാണ്. പല പ്രാവശ്യം ചോർച്ച പരിഹരിച്ച് റോഡ് നന്നാക്കിയെങ്കിലും പൈപ്പിന്റെ കാലപ്പഴക്കം കാരണവും റോഡിന്റെ ഉപരിതലത്തിൽ നിന്നും ആവശ്യമായ താഴ്ചയില്ലാത്തതുകൊണ്ടും വാഹനം കയറുമ്പോൾ പൈപ്പ് പൊട്ടി നിരന്തരമായി ചോർച്ച ഉണ്ടാകുകയും റോഡ് തകർന്നുകിടക്കുകയുമാണ്. ഈ പൈപ്പ് മാറ്റി സ്ഥാപിച്ചെങ്കിൽ മാത്രമേ റോഡിന്റെ തകർച്ച സ്ഥിരമായി പരിഹരിച്ച് ഗതാഗതയോഗ്യമാക്കാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത റോഡ് ഭാഗം പല പ്രാവശ്യം മെയിന്റനൻസ് കോൺട്രാക്റ്ററെക്കൊണ്ട് നന്നാക്കിയിട്ടുള്ളതാണ്. എന്നാൽ പൈപ്പ് ലൈനിന്റെ ചോർച്ച ശാശ്വതമായി പരിഹരിച്ചാൽ മാത്രമേ പുനരുദ്ധാരണം നിലനിൽക്കുകയുള്ളൂ. ആയതിന് വാട്ടർ അതോറിട്ടിയുടെ പഴക്കം ചെന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് ആവശ്യമാണ്. 400 എം.എം വ്യാസമുള്ള പ്രിമോ പൈപ്പ് മാറ്റി 400 |

എം.എം വ്യാസമുള്ള ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതിനുള്ള അനുവാദം കേരള വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെടുകയും അതിൻ പ്രകാരം 24,16,342/- രൂപയുടെ റീസ്റ്റോറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്സ്) ടി എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുക അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിട്ടിയിൽ നിന്നും ഈ തുക അടച്ച് പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തി ചെയ്ത് പൂർത്തീകരിച്ചാൽ മാത്രമേ റോഡ് ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ